**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2186** **16-03-2022 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ വകുപ്പിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവിടങ്ങളിലെ നിലവിലെ സ്റ്റാഫ് പാറ്റേൺ ഏത് വർഷത്തെ ആസ്പദമാക്കിയിട്ടുള്ളതാണെന്ന് അറിയിക്കാമോ; | (എ) | 1961 ലെ സ്റ്റാഫ് പാറ്റേൺ ആണ് ആരോഗ്യവകുപ്പിൽ നിലനിൽക്കുന്നതെങ്കിലും സർക്കാർ ആവിഷ്കരിച്ച ആർദ്രം പദ്ധതിയുടെ അടിസ്ഥാനത്തിൽ ഓരോ തലത്തിലുമുള്ള ആശുപത്രികളിൽ ഉണ്ടായിരിക്കേണ്ട തസ്തികകൾ നിഷ്കർഷിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. മെഡിക്കൽ കൗൺസിൽ മാനദണ്ഡപ്രകാരവും രോഗീപരിചരണത്തിന് ആനുപാതികമായും കാലാനുസൃതമായുള്ള സ്റ്റാഫ് പാറ്റേണാണ് ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ തുടർന്നുവരുന്നത്. |
| (ബി) | മെഡിക്കൽ കോളേജ് ആശുപത്രികളിലും ആരോഗ്യ വകുപ്പിന് കീഴിലെ ജില്ലാ ജനറൽ ആശുപത്രികളിലും രോഗികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ സ്റ്റാഫ് പാറ്റേൺ പുതുക്കി ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ആരോഗ്യവകുപ്പിനു കീഴിലെ ആശുപത്രികളിൽ ആർദ്രം പദ്ധതിപ്രകാരം തസ്തികകൾ നിഷ്കർഷിച്ചതിന്റെ അടിസ്ഥാനത്തിൽ ഡോക്ടർമാരുടെ ഉൾപ്പടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിലും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലും അധികമായി തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചുവരുന്നുണ്ട്. |
| (സി) | ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിലേയ്ക്ക് ഉൾപ്പെടെ തസ്തികകൾ അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ? | (സി) | ആരോഗ്യവകുപ്പിനു കീഴിലെ ആശുപത്രികളിൽ ആർദ്രം പദ്ധതിപ്രകാരം തസ്തികകൾ നിഷ്കർഷിച്ചതിന്റെ അടിസ്ഥാനത്തിൽ ഡോക്ടർമാരുടെ ഉൾപ്പടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിലും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലും അധികമായി തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ